നമ്പർ.സി3/1423/23/RIT

പ്രിൻസിപ്പാളിന്റെ കാര്യാലയം
രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി
കോട്ടയം, തീയതി: 23/02/2023

**നോട്ടീസ്**

2022-23-ൽ ഒന്നാം വർഷം B-Tech, B-Arch, M-Tech, MCA കോഴ്സുകളിലേക്ക് പ്രവേശനം നേടിയിട്ടുള്ള ന്യൂനപക്ഷ മത വിഭാഗങ്ങളായ മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ വിഭാഗങ്ങളിലെ വിദ്യാർഥിനികൾക്ക് **സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്** (Fresh)-**നു** അപേക്ഷിക്കാവുന്നതാണ്. യോഗ്യതാ പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്ക് നേടിയിട്ടുള്ള, 8 - ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, മേൽ സൂചിപ്പിച്ച ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർഥിനികൾക്ക് സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം.
വിദ്യാർഥിനികൾ അവരുടെ, 2022-23 അദ്ധ്യായന വർഷത്തെയ്ക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിച്ച ശേഷം, അപേക്ഷയുടെ കോപ്പി, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 07/03/2023 നു മുൻപായി കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. **(അപേക്ഷയുടെ കോപ്പി, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 07/03/2023 നു മുൻപായി കോളേജ് ഓഫീസിൽ സമർപ്പിക്കാത്തവരുടെ ഓൺലൈൻ അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല)**

അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കാനുള്ള അവസാന തീയതി 05-03-2023.
വിശദ വിവരങ്ങൾക്ക് ഇതോടൊപ്പം നല്കിയിരിക്കുന്ന വിജ്ഞാപനം ശ്രദ്ധിക്കുകയോ, ''Directorate of Minority Welfare'' – ലെ, DMW Scholarships/ CHM Scholarships - link കാണുകയോ ചെയ്യുക.

**പ്രിൻസിപ്പാൾ**

പകർപ്പ്

1. കോളേജ് നോട്ടീസ് ബോർഡ്
2. നോട്ടീസ് ബോർഡ് (എല്ലാ ഡിപ്പാർട്ട്മെൻറുകളിലും).
3. എല്ലാ ഡിപ്പാർട്മെൻറ് മേധാവികൾക്കും
4. കോളേജ് വെബ് സൈറ്റ്-ൽ പ്രസിദ്ധീകരിക്കുന്നതിന്.

Approval Valid

Digitally Approved By
Dr. Sathishkumar C *
Date: 23.02.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File C3/1423/23/RIT Approved by Principal on 23-Feb-2023 10:48 PM - Page 1

# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33, ടെലിഫോൺ-0471-2300524, 2302090, 2300523

ഇ-മെയിൽ-director.mwd@kerala.gov.in, വെബ് സൈറ്റ്-www.minoritywelfare.kerala.gov.in


നം. MWD/162/2023/ASSD തീയതി. 20..02.2023

'ഭരണ ഭാഷ-മാതൃഭാഷ'

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് 2022-23 (പുതിയത്) അപേക്ഷ ക്ഷണിച്ചു.

## വിജ്ഞാപനം

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ജനസംഖ്യാനുപാതികമായി 2022-23 അദ്ധ്യയന വർഷത്തേയ്ക്ക് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിഗ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാവുന്നതാണ്. സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ എണ്ണവും, തുകയും ചുവടെ ചേർക്കുന്നു.

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം | പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| ബിരുദം | 3000 | 5000/ രൂപ |
| ബുരുദാനന്തര ബിരുദം | 1000 | 6000/ രൂപ |
| പ്രൊഫഷണൽ കോഴ്സ് | 1000 | 7000/ രൂപ |
| ഹോസ്റ്റൽ സ്റ്റൈപ്പന്റ് | 2000 | 13000/ രൂപ |

ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ

താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽ-കാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. scholarship.minoritywelfare.kerala.gov.in/dmw_ma/dmw_ind.php – എന്ന ലിങ്ക് മുഖേന നേരിട്ടോ അല്ലെങ്കിൽ *www.minoritywelfare.kerala.gov.in* - എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. **05.03.2023.** കൂടുതൽ വിവരങ്ങൾക്ക് 0471 2300524 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

I. **അപേക്ഷിക്കേണ്ട രീതി:**

1. scholarship.minoritywelfare.kerala.gov.in/dmw_ma/dmw_ind.php - എന്ന ലിങ്ക് അല്ലെങ്കിൽ *www.minoritywelfare.kerala.gov.in* - എന്ന വകുപ്പിന്റെ വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന – C.H. Mohammed Koya Scholarship (CHMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online - ൽ ക്ലിക്ക് ചെയ്യുക.
3. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.
4. Registration form – ൽ തന്നിരിക്കുന്ന Examination details (register no/roll number –ൽ പത്താം ക്ലാസിലെ രജിസ്റ്റർ നമ്പർ നൽകുക), personal details, Scholarship details തുടങ്ങിയ tab – കളിൽ വരുന്ന ഫീൽഡുകൾ step by step ആയി Entry ചെയ്ത്, ആവശ്യമുള്ള രേഖകൾ upload ചെയ്ത് registration process complete ചെയ്ത് submit ചെയ്യുക.
5. ഹോസ്റ്റലർ ആണോ എന്ന വിവരവും (ആവശ്യമെങ്കിൽ) ആണെങ്കിൽ ഹോസ്റ്റൽ സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ളതാണോ എന്ന വിവരവും സെലക്ട് ചെയ്യുക.
6. സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവരാണെങ്കിൽ പ്രവേശനം മെറിറ്റ് സീറ്റിലാണോ എന്ന വിവരം സെലക്ട് ചെയ്യുക.
7. Photo, Signature, SSLC Certificate, Income Certificate, Ration Card copy - – തുടങ്ങിയവ upload ചെയ്യുക.
8. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.

9. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

II. **<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>**

1. അപേക്ഷകരുടെ രജിസ്ട്രേഷന് പ്രിന്റൌട്ട്.
2. എസ്.എസ്.എൽ.സി., പ്ലസ്ടു/വി.എച്ച്.എസ്.ഇ, ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അലോട്ട്മെന്റ് മെമ്മോ – യുടെ പകർപ്പ്
4. അപേക്ഷകരുടെ സ്വന്തം പേരിലുളള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   **<u>(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ്സ് എന്നിവ ഉൾപ്പെട്ടുത്തിയിരിക്കണം).</u>**
5. ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കില് എൻ.പി.ആർ കാർഡിന്റെ പകർപ്പ്.
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെപകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്
9. റേഷൻ കാർഡിന്റെ പകർപ്പ്
10. ഹോസ്റ്റൽ വിദ്യാർത്ഥി ആണെങ്കിൽ ഹോസ്റ്റലറാണെന്ന് തെളിയിക്കുന്ന രേഖയും, ഹോസ്റ്റൽ ഫീസ് സംബന്ധിച്ച രേഖയും

III. **<u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>**

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെട്ടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. (Verification)
2. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (Approval)
3. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം.
4. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പ വരുത്തണം.
5. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകളും (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.

6. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.
7. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേണ്ടതാണ്.
8. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ടോ തപാൽ മുഖാന്തിരമോ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിലേയ്ക്ക് എത്തിക്കേണ്ടണ്ടതാണ്. വിലാസം. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33.

IV. **<u>അവസാന തീയതികൾ</u>**

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: **05.03.2023**
2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി. **07.03.2023**
3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. **08.03.2023**
4. സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. **10.03.2023**

ഡയറക്ടർ